# പതിമൂന്നാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.164 | 16.02.2016 ന് മറുപടിയ്ക്ക്.

### വന്യമൃഗങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.സി.മോയിൻകുട്ടി<br>ശ്രീ.എം.ഉമ്മർ<br>ശ്രീ.പി.ബി.അബ്ദുൾ റസാക് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പമന്ത്രി) |
| (എ) വനമേഖലയിൽ വന്യമൃഗങ്ങൾ ധാരാളമായി ചത്തൊടുങ്ങുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ കാരണങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; വിശദമാക്കുമോ | (എ) വന്യമൃഗങ്ങൾ ധാരാളമായി ചത്തൊടുങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 2015 വർഷത്തിൽ അസുഖം ബാധിച്ച് മൂന്നാറിൽ 10 കാട്ടുപോത്തുകളും, 2015-16 കാലയളവിൽ വയനാട്ടിൽ 135 കുരങ്ങുകളും ചത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ 18 ആനകൾ വേട്ടയാടപ്പെട്ടതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇക്കാര്യത്തിൽ വേട്ടക്കാരുടെ പങ്കാളിത്തം എത്രത്തോളമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) ആനവേട്ടയുമായി ബന്ധപ്പെട്ട് വേട്ടക്കാരുടെ പങ്കാളിത്തം കണ്ടെത്തിയിട്ടുണ്ട്. മലയാറ്റൂർ, വാഴച്ചാൽ, തേക്കടി, മൂന്നാർ വനം ഡിവിഷനുകളിലായി ആനവേട്ടയുമായി ബന്ധപ്പെട്ട് മൊത്തം 19 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മൊത്തം 18 ആനകളുടെ ജഡാവശിഷ്ടം കണ്ടെത്തുകയും 84 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (സി) കാർഷികവിളകൾ നശിപ്പിക്കുന്ന വന്യമൃഗങ്ങളിൽ നിന്നും കർഷകർക്ക് സംരക്ഷണം നൽകാൻ എന്തൊക്കെ പദ്ധതികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; ആശങ്ക ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) കാർഷിക വിളകൾ നശിപ്പിക്കുന്ന വന്യമൃഗങ്ങളിൽ നിന്നും കർഷകർക്ക് സംരക്ഷണം നൽകാൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം.<br>2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.<br>3. ആനപ്രതിരോധ മതിലുകളുടെ നിർമ്മാണം.<br>4. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചു വിടുന്നതിനുള്ള നടപടികൾ.<br>5. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കാൻ നടപടിയെടുത്തു വരുന്നു. |

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.
7. വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നല്കി അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ.
8. കാട്ടിലേക്ക് തിരിച്ചയയ്ക്കാൻ സാധിക്കാതെ വരുന്ന കാട്ടാനകളെ പിടിച്ച് മെരുക്കുന്നതിനുള്ള ആനപ്പന്തികളുടെ നിർമ്മാണം.
9. പ്രശ്നക്കാരായ ആനകളെ പിടിച്ച് മാറ്റുന്നതിനുള്ള എലിഫന്റ് സ്ക്വാഡുകളുടെ പ്രവർത്തനം.
10. ആനത്താരകളുടെ ക്രോഡീകരണത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥലങ്ങൾ ഏറ്റെടുക്കുന്ന നടപടികൾ.
11. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്കരണം നടത്തുന്നതിനുമുള്ള നടപടികൾ.
12. പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ചുമാറ്റാനും നിയമാനുസരണം വന്ധീകരിക്കുവാനുള്ള നടപടികൾ,
13. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുക.
14. കൃഷിയെ നശിപ്പിക്കുന്ന കാട്ടുപന്നികളെ കൃഷിയിടങ്ങളിൽ വച്ച് കർഷകർക്ക് വ്യവസ്ഥകൾക്ക് വിധേയമായി വേട്ടയാടുന്നതിനുള്ള അനുമതി.

മേല്പറഞ്ഞ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. സ്ഥലം എം.എൽ.എ, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, വിവിധ സന്നദ്ധ സംഘടനകളുടെ പ്രിതിനിധികൾ (എൻജി.ഒ) എന്നിവർ ഉൾപ്പെടുന്ന ഒരു മേൽനോട്ട സമിതി ഡിപ്പാർട്ട്മെന്റ് നടത്തുന്ന വിവിധ സംരക്ഷണ പ്രവർത്തനങ്ങളെ വിലയിരുത്തി വരുന്നു.

സെക്ഷൻ ഓഫീസർ.